**സബ്മിഷൻ**

## (1) പി.എസ്.സി. റാങ്ക് ലിസ്റ്റ്

ശ്രീ. എച്ച്. സലാം: സർ, പി.എസ്.സി. റാങ്ക് ലിസ്റ്റുകളുമായി ബന്ധപ്പെട്ട പ്രശ്നമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഒന്ന്, ഒഴിവുകളുടെ എണ്ണം കുറവാണെങ്കിലും റാങ്ക് ലിസ്റ്റിലുള്ള അവസാന ആളിനും ജോലി ലഭിക്കുമെന്ന ഒരു പ്രതീക്ഷ നൽകുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. രണ്ടാമതായി, ഒറ്റപ്പെട്ടതാണെങ്കിലും ചില വകുപ്പ് മേലധികാരികൾ ഒഴിവുകൾ സമയത്ത് റിപ്പോർട്ട് ചെയ്യാതെ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുന്നതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്നത് ഈ രണ്ട് കാര്യങ്ങളും പരിഹരിക്കാൻ സാധിക്കുന്ന ഒരു ഓൺലൈൻ പോർട്ടൽ സംവിധാനം രൂപപ്പെടുത്തുക എന്നതാണ്. ഇന്ന് കേരളത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും ജനനതീയതി, പെൻഷൻ തീയതി ഉൾപ്പെടെയുള്ള പൂർണ്ണ വിവരങ്ങൾ സ്പാർക്കിൽ ലഭ്യമാണ്. അത്തരത്തിൽ ഓരോ വകുപ്പിലും ആരെല്ലാം എപ്പോൾ വിരമിക്കുമെന്നും തന്റെ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നിയമനം ലഭിക്കുമോ എന്നും ഉദ്യോഗാർത്ഥിക്കുതന്നെ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ

സുതാര്യമായൊരു സിസ്റ്റം തയ്യാറാക്കപ്പെട്ടാൽ അത് അവർക്ക് വളരെ ഉപകാരപ്രദമാകും. അതുവഴി ഒഴിവ് സമയത്ത് റിപ്പോർട്ട് ചെയ്യപ്പെടുകയും ഉദ്യോഗാർത്ഥികളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവണത ഇല്ലാതാകുകയും ചെയ്യുന്നതാണ്. അത്തരത്തിലൊരു പോർട്ടൽ സംവിധാനം ഉണ്ടാക്കണമെന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പ്രതീക്ഷിത ഒഴിവുകളേക്കാൾ വളരെ അധികം ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചില പ്രശ്നങ്ങൾക്കും അനഭിലക്ഷണീയമായ ചില പ്രവണതകൾക്കും വഴിവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ചുകൊണ്ട് ഒഴിവിന് ആനുപാതികമായി സംവരണ തത്വങ്ങൾ പാലിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ ശിപാർശ സമർപ്പിക്കാൻ ജസ്റ്റിസ് ദിനേശൻ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള വ്യക്തമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.+

+ അനുബന്ധമായി ചേർത്തിരിക്കുന്നു

## (2) പാലം നിർമ്മാണം

ശ്രീമതി സി. കെ. ആശ: സർ, എന്റെ മണ്ഡലത്തിലെ മുണ്ടാർ എന്ന പ്രദേശത്ത് അസറ്റ് ഡെവലപ്മെന്റ് ഫണ്ടുപയോഗിച്ച് നിർമ്മാണം ആരംഭിച്ച ഒരു പാലത്തിന്റെ പ്രവൃത്തികൾ ഇന്ന് സംഭനാവസ്ഥയിലാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യമായ എല്ലാ രേഖകളും വാങ്ങിയതിനുശേഷമാണ് 2017-ൽ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത്. എന്നാൽ 2019-ലുണ്ടായ ചില നിയമങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റ് ഇതിന് സ്റ്റോപ്പ് മെമ്മോ നൽകിയിരിക്കുകയാണ്. നിരവധി ചർച്ചകൾ നടത്തിയെങ്കിലും നാളിതുവരെ അതിന്റെ പുനർനിർമ്മാണം തുടരാൻ സാധിച്ചിട്ടില്ല. മാത്രമല്ല ആദ്യഘട്ടം 30 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് എ.എസ്. അനുവദിച്ചത്. രണ്ടാംഘട്ടത്തിൽ ബാക്കി തുക അനുവദിച്ചു. എന്നാൽ 30 ലക്ഷം രൂപയുടെ ബിൽ നാളിതുവരെ കോൺട്രാക്ടറിന് മാറികൊടുക്കാതെ ഡിപ്പാർട്ടുമെന്റുകൾ തടസ്സവാദം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. അതിന് അടിയന്തരമായി ഒരു നടപടി സ്വീകരിക്കുകയും പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നുള്ളതാണ് എന്റെ

സബ്മിഷൻ.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നം ഗുരുതരമായ സാഹചര്യംതന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്. അവിടെ തൂണുകൾ തമ്മിൽ 4 മീറ്റർ മാത്രമെ വീതിയുള്ളൂ എന്നതിനാൽ കരിയാർ പുഴയിലൂടെയുള്ള ജലഗതാഗതത്തെ ബാധിക്കുമെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ടാണ് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുള്ളത്. ഇപ്പോൾ നാല് വർഷമായി പാലം നിർമ്മാണം എവിടെയും എത്താതെ നിൽക്കുകയാണ്. 30-01-2021-ന് പഞ്ചായത്ത് ഡയറക്ടർതന്നെ നേരിട്ട് വിളിച്ചുചേർത്ത യോഗതീരുമാനമനുസരിച്ച് ചീഫ് എഞ്ചിനീയർ 30-01-2021-ന് സ്ഥലപരിശോധന നടത്തി തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും തുടർ നിർദ്ദേശം വകുപ്പിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ ഏറ്റവും വേഗത്തിൽ സ്വീകരിക്കാവുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.+

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

(3) ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കോടങ്കയത്ത് മണിമലയാറിന് കുറുകെ ഒരു ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഇവിടെയുള്ള നൂറോളം കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതിയെന്ന നിലയിൽ കോടങ്കയം കുടിവെള്ള പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. മാത്രമല്ല കോടങ്കയം മുതൽ ഇളങ്കാവ് കരിമ്പുകയം ചെക്ക് ഡാമിന്റെ ഭാഗത്തേയ്ക്ക് പുഴയോര പാതയെന്ന നിലയിൽ രാവിലെ ആളുകൾക്ക് നടക്കാനുള്ള സംവിധാനം ഒരുക്കികൊണ്ട് പ്രാദേശികമായ ഒരു പ്രവർത്തനം ഇവിടെ ആരംഭിക്കാൻവേണ്ടിയുള്ള നടപടികളും സ്വീകരിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മേജർ ഇറിഗേഷൻ വകുപ്പിൽ ഉൾപ്പെടുത്തി പ്രസ്തുത ചെക്ക് ഡാം കം ബ്രിഡ്ജ് അനുവദിക്കണമെന്നുള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, മണിമലയാറിന് കുറുകെ ഒരു  ചെക്ക് ഡാം ഉണ്ടാക്കുക എന്ന ആവശ്യമാണ് ഉന്നയിച്ചത്. കോടങ്കയത്ത് ചെക്ക് ഡാം കം ബ്രിഡ്ജിന്റെ ആവശ്യകതയെക്കുറിച്ച്

സൂചിപ്പിച്ചു. കുടിവെള്ള പദ്ധതിക്കുകൂടി ഉപകാരപ്രദമാകുന്ന തരത്തിലാണ് അത് ഡിസൈൻ ചെയ്തിട്ടുള്ളത്. അതോടൊപ്പം പുഴയോരപാത നിർമ്മിച്ചുവരുന്നു. അതിന്റെ മലിനീകരണം മാറ്റാൻ സാധിക്കും. അതുകൊണ്ട് തീർച്ചായായും കോടങ്കയത്ത് ഒരു ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. (വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.)+

## (4 ) കുടിവെള്ള പാക്കേജ്

ശ്രീ. തോമസ് കെ. തോമസ് : സർ, കുട്ടനാടിന്റെ സമഗ്ര കുടിവെള്ള പദ്ധതിയെക്കുറിച്ചുള്ളതാണ് ഈ സബ്മിഷൻ. ബഹുമാനപ്പെട്ട മന്ത്രിയുമായി നല്ല രീതിയിലുള്ള ഡിസ്കഷൻ നടത്തിയിട്ടുണ്ട്. കൃത്യമായ മോണിറ്ററിംഗ് വേണമെന്ന ഒരൊറ്റ കാര്യം മാത്രമെ മുന്നോട്ടുവയ്ക്കാനുള്ളൂ. ആ വിഷയം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകയും അനുയോജ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നല്ല നിലയിൽ പുരോഗമിക്കുന്നുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

290 കോടി രൂപയുടെ പദ്ധതികൂടി അവിടെ ഇപ്പോൾ ongoing ആയി വരുന്നു. 70 കോടി രൂപയുടെ പദ്ധതിയാണ് ആദ്യ ഫേസിൽ ഉൾപ്പെടുത്തിയിരുന്നത്. രണ്ടാം ഫേസുകൂടി പൂർത്തിയായാൽ മാത്രമെ അതിന് ഗുണകരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുകയുള്ളൂ. കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽ ഓവർ ഹെഡ് ടാങ്കുകൾ നിർമ്മിച്ച് ഡിസ്ട്രിബ്യൂഷൻ ലൈൻ കൊടുത്ത്, സമഗ്രമായി ലൈനുകളെല്ലാം മാറി.... പുതിയ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള നീരേറ്റുപുറത്തെ 14 mld-യിൽ 30 mld കൂടി വർദ്ധിപ്പിച്ച് 44 mld വെള്ളം ഡിസ്ട്രിബ്യൂഷന് തയ്യാറാക്കി കുട്ടനാട്ടിലെ സമഗ്രമായ കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള എല്ലാ നീക്കങ്ങളും ഉടൻ തന്നെ നടത്തും. (വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.)[+]

(5) <u>കുടിവെള്ളം ലഭ്യമാക്കൽ</u>

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ശബരിമലയിലെ ഭക്തജനങ്ങൾ അനുഭവിക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച അഭിമാന പദ്ധതിയാണ് 129 കോടി രൂപയുടെ നിലയ്ക്കൽ കുടിവെള്ള പദ്ധതി. എന്നാൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിനുണ്ടാകുന്ന കാലതാമസം ഞാനും കോന്നി എം.എൽ.എ.

---

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാറും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും മന്ത്രി അവിടെ നേരിട്ട് സന്ദർശിക്കുകയും ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഇക്കാര്യത്തിൽ ഇടപെടുകയും ചെയ്തു. നമ്മുടെ ഭക്തജനങ്ങൾക്കും റാന്നി നിയോജകമണ്ഡലത്തിലെ പെരിനാട്, കോന്നി നിയോജകമണ്ഡലത്തിലെ സീതത്തോട് എന്നീ പഞ്ചായത്തുകളിലും ജലമെത്തിക്കാൻ കഴിയുന്ന ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടിയുണ്ടാകണമെന്നതാണ് സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 129 കോടി രൂപയാണ് അതിനുവേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ ബഹുമാന്യനായ ദേവസ്വം വകുപ്പുമന്ത്രിയുടെ ആവശ്യമനുസരിച്ച് ഒരു മീറ്റിംഗ് വിളിച്ച് പ്രാഥമിക ചർച്ച നടത്തി. അതോടൊപ്പം പ്രിയപ്പെട്ട എം.എൽ.എ.-മാരായ ശ്രീ. പ്രമോദ് നാരായണനും ശ്രീ. കെ. യു. ജനീഷ് കുമാറും ആവശ്യപ്പെട്ടതനുസരിച്ച് സംഭവ സ്ഥലം സന്ദർശിച്ചു. ആ പദ്ധതി വളരെ

വേഗത്തിലാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, സമയബന്ധിതമായി അത് പൂർത്തീകരിച്ച് ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ശുദ്ധജലം ലഭ്യമാക്കാനുള്ള പദ്ധതി വളരെ എളുപ്പത്തിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കും. (വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.)+

## (6) സാമുദായിക സംവരണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, പരമ്പരാഗതമായി കളിമൺ പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ട എട്ട് ലക്ഷത്തോളം പേർ ഇന്ന് കേരളത്തിലുണ്ട്. ഇവർ കുശവൻ, കുംഭാരൻ, കുലാല, ആന്ത്രർ നായർ, വേളൻ, ഓടൻ, ആന്ത്ര നായർ എന്നീ വ്യത്യസ്ത സമുദായങ്ങളിൽപ്പെടുന്നു. ആന്ത്ര നായർ 1980 വരെ പട്ടികജാതി പട്ടികയിൽ ഉൾപ്പെട്ടതായിരുന്നു. മാത്തൂർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അവരെ അതിൽനിന്നും ഒഴിവാക്കിയത്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹികമായും വളരെ പിന്നിൽ കിടക്കുന്ന ഈ വിഭാഗത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നാണ് ഏറ്റവും പ്രധാനമായി അഭ്യർത്ഥിക്കാനുള്ളത്. ഇവർക്ക് ചെളിമണ്ണും കളിമണ്ണും മണലും

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇടനിലക്കാരില്ലാതെ എത്തിക്കാനുള്ള ഏർപ്പാടുകൾ വേണം. നിലവിലുള്ള ക്ഷേമ കോർപ്പറേഷൻ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ഇവിടെ വച്ച സബ്മിഷന്റെ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(7) ട്രൈബൽ ആശുപത്രി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആദിവാസി സമൂഹമുള്ള രണ്ടാമത്തെ ജില്ലയായ കാസർഗോഡ് ഈ വിഭാഗത്തിനുവേണ്ടി ഒരു ട്രൈബൽ ആശുപത്രി ആരംഭിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഇവിടെ ഉന്നയിച്ച സബ്മിഷന്റെ മറുപടി ഞാൻ

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

മേശപ്പുറത്ത് വയ്ക്കുന്നു.+

## (8) ഗ്ലോബൽ ആയുർവേദ വില്ലേജ്

ശ്രീ. വി. ജോയി: സർ, വർക്കല അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ സബ്മിഷൻ. ധാരാളം ആളുകൾക്ക് ജോലികിട്ടാൻ സാധ്യതയുള്ള ഒരു സ്ഥാപനമാണ്. അടിയന്തരമായി അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഒന്നാം ഘട്ട ലീസിൽ അത് വച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ സംയുക്ത പങ്കാളിയെ തെരഞ്ഞെടുത്തിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## (9) ഖാദി മേഖലയുടെ നവീകരണം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പതിനാലായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് ഖാദി. രണ്ട് കാര്യങ്ങളിൽ; ഒന്ന്, ഇൻകം സപ്പോർട്ട് സ്കീം വഴി കിട്ടേണ്ട കൂലിയുടെ കുടിശ്ശിക ഏഴ് മാസമായി ബാക്കിയാണ്. അതുകൊടുക്കുന്നതിനുള്ള അടിയന്തര നടപടി

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.
\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

സ്വീകരിക്കുമോ? രണ്ട്, ഓണക്കാലത്ത് പല മേഖലയിലും ഉത്സവബത്ത പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിൽ വിശേഷിച്ചും ഖാദി രംഗത്ത് ഉത്സവബത്ത കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, റിബേറ്റ് ഇനത്തിൽ പത്ത് കോടി രൂപ ഓണത്തിനുമുമ്പ് വിതരണം ചെയ്യുന്നതാണ്. ഫെസ്റ്റിവൽ അലവൻസ് കഴിഞ്ഞ കൊല്ലത്തേപ്പോലെ കൊടുക്കുന്നതാണ്. ഇൻകം സപ്പോർട്ട് സ്കീമിൽ എട്ട് കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## (10) ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളി പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: സർ, ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ. അവിടെ 463 സ്ഥിരം തൊഴിലാളികളും 138 താൽകാലിക തൊഴിലാളികളും അവരെ ആശ്രയിച്ചുകഴിയുന്ന രണ്ടായിരത്തോളം കുടുംബാംഗങ്ങളുമുണ്ട്. ഇവർക്ക് 1999 മുതൽ കൂലി കുടിശ്ശികയായി 1,37,00,000 രൂപയും ഗ്രാറ്റിവിറ്റിയായി 4,37,00,000 രൂപയും കിട്ടാനുണ്ട്. പി.എഫ്. ഇനത്തിൽ

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

1,05,00,000 രൂപ കിട്ടാനുണ്ട്. ഇത് പലിശയടക്കം മൂന്നരക്കോടി രൂപയായിട്ടുണ്ട്. ബോണക്കാട് എസ്റ്റേറ്റ് അടക്കമുള്ളത് പണയം വച്ച് ഉടമ 500 കോടി രൂപയോളം വായ്പയെടുത്തതാണ് പ്രശ്നമുണ്ടാകാൻ കാരണം. അവിടത്തെ തൊഴിലാളികളുടെ ജീവിതം നരകതുല്യമായ സാഹചര്യത്തിലാണ്. അത് പരിഹരിക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഈ കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കാര്യമാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+.

## (11) വിള ഇൻഷുറൻസ്

ശ്രീ. സി. സി. മുകുന്ദൻ: സർ, നെൽകൃഷി ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചാണ് പറയുന്നത്. ഇൻഷ്വറൻസ് പദ്ധതി പൂർണ്ണമായി കൃഷിക്കാർക്ക് ലഭിച്ചിട്ടില്ല. 2019-2020 വർഷത്തെ ഇൻഷ്വറൻസ് ലഭിക്കാനുണ്ട്. ഇതുവരെ അത് ലഭിച്ചിട്ടില്ല. അത് ലഭിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണം.

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേന്ദ്രാവിഷ്കൃത പദ്ധതിയെ പുനരാവിഷ്കരിച്ച് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ആ തുക കൊടുക്കുന്നതിന് IFSC കോഡും കർഷകരുടെ അക്കൗണ്ടും തമ്മിൽ ചേർച്ചയില്ലായെന്നതായിരുന്നു പ്രശ്നം. ഞങ്ങൾ കേന്ദ്രത്തോട് ബന്ധപ്പെട്ടിട്ടുണ്ട്. ഈ മാസംതന്നെ പണം കൊടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. കേന്ദ്രത്തിൽനിന്നും അനുകൂല തീരുമാനമുണ്ടാകുമെന്നാണ് ഇന്നലത്തെ യോഗത്തിൽനിന്നും അറിയാൻ സാധിച്ചത്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

(12) തൊഴിൽ പ്രതിസന്ധി

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചി തുറമുഖത്തിന്റെ അധീനതയിലുള്ള കൊച്ചി തോപ്പുംപടിയിലെ ഫിഷിംഗ് ഹാർബറിന്റെ ഇന്നത്തെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഏതാണ്ട് പതിനയ്യായിരത്തോളം തൊഴിലാളികളാണ് അവിടെ പണിയെടുക്കുന്നത്. അഴക്കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന ജില്ലെറ്റ് ബോട്ടുകൾ, ചൂണ്ട

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ബോട്ടുകൾ, ട്രോളിംഗ് ബോട്ടുകൾ, പാസനേറ്റ് ബോട്ടുകൾ, വള്ളങ്ങളിലെ തൊഴിലാളികൾ, ഹാർബറിലെ മീൻ ഇറക്ക് തൊഴിലാളികൾ, പാക്കിംഗ് തൊഴിലാളികൾ, ഐസ് തൊഴിലാളികൾ, ലോഡിംഗ് തൊഴിലാളികൾ, കൂടാതെ കച്ചവടക്കാർ, ബയ്യിംഗ് ഏജന്റുമാർ, ചരക്ക് വാഹനങ്ങളിലെ ഡ്രൈവർമാർ, ഇവരൊക്കെയാണ് ഇവിടെ പണിയെടുത്തുപോകുന്നത്. ആകെ ഒരു സ്ഥാപനം മാത്രമാണ് കൊച്ചിയിൽ നിലവിലുള്ളത്. ബോട്ടുകൾ ഇറക്കുന്നതിനും തൊഴിലാളികൾ കയറുന്നതിനും ചരക്കുവാഹനങ്ങൾ കയറുന്നതിനും കൊച്ചി തുറമുഖം പിരിച്ചിരുന്ന ഫീസ് സ്വകാര്യ മേഖലയെ ഏൽപ്പിക്കുകയാണ്. ഡ്രെഡ്ജിംഗും ക്ലീനിഗും നടത്തുന്നില്ല. കുടിവെള്ളം കിട്ടുന്നില്ല. മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (എം.പി.ഇ.ഡി.എ.) ഒരു വികസന പ്രോജക്ട് കൊണ്ടുവന്നിട്ട് അത് നടക്കുന്നില്ല. ഇതിന് ഒരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കൊച്ചി തുറമുഖ നിർമ്മാണം കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി കൊച്ചിൻ പോർട്ട് ട്രസ്റ്റ്

മുഖേനയാണ് നടപ്പാക്കുന്നത്. എന്നാൽ ഇവിടെ ബഹുമാനപ്പെട്ട അംഗം കെ. ജെ. മാക്സി പറഞ്ഞ ഹാർബറിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് പരിഹരിക്കും. ബാക്കി മേശപ്പുറത്ത് വയ്ക്കുന്നു+.

(13) <u>മത്സ്യകൃഷി മേഖലയിലെ പ്രശ്നങ്ങൾ</u>

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, കേരളത്തിൽ ശുദ്ധവും ആരോഗ്യപ്രദവുമായ മത്സ്യം ഉല്പാദിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ 'സുഭിക്ഷ കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള മത്സ്യ കൃഷിയിൽ ആയിരക്കണക്കിന് ആളുകളാണ് ഏർപ്പെട്ടിട്ടുള്ളത്. ഇതിൽ സംസ്ഥാനത്തെ "ബയോഫ്ളോക്ക്" രീതിയിലുള്ള മത്സ്യകൃഷി നടത്തുന്നവർക്ക് വലിയ പ്രയാസങ്ങളാണ് നേരിടുന്നത്. അതുമായി ബന്ധപ്പെട്ട് (1) മത്സ്യകൃഷി നടത്തുന്നവരുടെ കാത്തിരിപ്പ് ഒഴിവാക്കി നിലവാരമുള്ള മത്സ്യ വിത്ത് യഥാസമയം ലഭ്യമാക്കണം. (2) സംസ്ഥാനത്തിനകത്ത് സുലഭമായി മത്സ്യ വിത്ത് ഉല്പാദിപ്പിക്കാനും വിതരണത്തിനും നടപടികൾ വേണം. (3) ഗുണനിലവാരമില്ലാത്തതും അസുഖം ബാധിച്ചതുമായ മത്സ്യ വിത്തുകൾ വിതരണം ചെയ്യുന്നത് തടയണം.

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

(4) ഗിഫ്റ്റ് തിലാപ്പിയ ഉൾപ്പെടെയുള്ള മത്സ്യങ്ങളുടെ ഒറിജിനലാണ് ലഭ്യമാക്കുന്നതെന്ന് ഉറപ്പുവരുത്തണം. (5) വിത്ത്, തീറ്റകൾ, വലകൾ, പമ്പ്, ജനറേറ്റർ ഉൾപ്പെടെ മത്സ്യ കൃഷിക്കാവശ്യമായ സാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ ഓരോ ജില്ലയിലും മത്സ്യ സഹകരണ സംഘങ്ങൾ രൂപീകരിച്ച് നടപടികൾ സ്വീകരിക്കണം. (6) കർഷകർക്ക് ആവശ്യമായ ഫ്ലോക്ക് ഉണ്ടാക്കുന്നതിനുവേണ്ട അനുബന്ധ ഘടകങ്ങൾ മൊളാസസ് വാങ്ങാനോ സൂക്ഷിക്കാനോ ഉപയോഗിക്കാനോ നിലവിൽ കൃഷിക്കാർക്ക് കഴിയുന്നില്ല കാരണം അത് എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട ഒരു നിയമമാണ്. അത് ഭേദഗതികൾ ചെയ്യുവാനുള്ള നടപടികളുണ്ടാകണം. ഇക്കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ ഉണ്ടാകണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വളരെ ഗൗരവമായ സബ്മിഷനാണ് ബഹുമാനപ്പെട്ട എം. രാജഗോപാലൻ എം.എൽ.എ. ഉന്നയിച്ചിരിക്കുന്നത്. 2020-21 വർഷം 2457 ബയോഫ്ളോക്ക് യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെയാണെങ്കിലും

വളരെയേറെ ലാഭകരമായ കൃഷി രീതിയാണിത്. അത് കൂടുതൽ വ്യാപിപ്പിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി വിവിധ മത്സ്യകൃഷി മാർഗ്ഗങ്ങളിലൂടെ ഉല്പാദിപ്പിക്കപ്പെട്ട മത്സ്യത്തിന് വിപണി ഉറപ്പാക്കുന്നതിന് ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കും. അതുപോലെ സർവ്വീസ് സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട 53 ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ ഇപ്പോൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 100 എണ്ണം ആരംഭിച്ച് കഴിഞ്ഞു. ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ഗൗരവമുള്ളതാണ്. അത് ഗവൺമെന്റ് പരിശോധിക്കും. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു. +

(14) തലശ്ശേരി തെയ്യം കലാ അക്കാദമി

ശ്രീ. എ. എൻ. ഷംസീർ: സർ, 2018-19-ലെ ബഡ്ജറ്റിലാണ് തലശ്ശേരിയിൽ ഒരു തെയ്യം കലാ അക്കാദമി അനുവദിച്ചത്. തെയ്യം കലാ അക്കാദമി പ്രവർത്തനം ആരംഭിച്ചു. ചൊക്ലി നിടുമ്പ്രം മുത്തപ്പൻ ക്ഷേത്രം കേന്ദ്രീകരിച്ചാണ് തെയ്യം കലാ അക്കാദമി പ്രവർത്തിക്കുന്നത്.

---
\+ അനുബന്ധമായി ചേർക്കുന്നു.

എന്നാലിപ്പോൾ തെയ്യം കലാ അക്കാദമി നടത്തേണ്ട പ്രവർത്തനങ്ങൾ ചില സ്വകാര്യ സംവിധാനങ്ങൾ സർക്കാർ ഫണ്ട് ഉപയോഗിച്ച് നടത്തുന്നുണ്ട്. അത് അവസാനിപ്പിച്ച് തെയ്യം കലാ അക്കാദമിയിലൂടെ പ്രവർത്തനം നടത്തണം. അതോടൊപ്പം നിലവിൽ ആരംഭിച്ച തെയ്യം കലാ അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തണം. അതിനുള്ള സംവിധാനങ്ങൾ ഒരുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് ഞാൻ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2018-19 വർഷത്തെ ബഡ്ജറ്റിലാണ് തെയ്യം കലാ അക്കാദമി സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തിയിരുന്നത്. ചൊക്ലി ഗ്രാമപഞ്ചായത്തിനാണ് അതിന്റെ നിർവ്വഹണ ചുമതല. അത് നടന്നുവരുന്നുണ്ട്. അതിന്റെ നടപടികളുമായി മുന്നോട്ടുപോകുന്നു. ബഹുമാനപ്പെട്ട എ. എൻ. ഷംസീർ സൂചിപ്പിച്ചതുപോലെ, കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി ദേശത്ത് ചന്തപ്പുരയിൽ ഒരു തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് 9 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ദൈവ വിശ്വാസത്തിന്റെ ഭാഗമായ

അനുഷ്ഠാന കലയാണ് തെയ്യം എന്നതിനാൽ വളരെ ശ്രദ്ധിച്ചും സൂക്ഷിച്ചും മാത്രമേ ഈ പ്രശ്നം കൈകാര്യം ചെയ്യാൻ കഴിയൂ. ബഹുമാനപ്പെട്ട എ. എൻ. ഷംസീറിന്റെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ട് ഇക്കാര്യം പരമാവധി പരിഗണിക്കാവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(15) <u>സേവന വ്യവസ്ഥകൾ</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ പ്രയാസം നേരിടുന്ന ജൂനിയർ അദ്ധ്യാപകർക്ക് പ്രിൻസിപ്പാൾ പ്രൊമോഷനും സ്ഥലമാറ്റങ്ങൾക്കും ജൂനിയർ സർവ്വീസ് കാലയളവ് പരിഗണിക്കപ്പെടുന്നില്ലായെന്നത് ഒരുവിഷയമായി നിലനിൽക്കുകയാണ്. ഒരേ യോഗ്യതയുള്ള, പലപ്പോഴും ഒരേ ലിസ്റ്റിൽനിന്നും റിക്രൂട്ട് ചെയ്യപ്പെടുന്ന, ഒരേ തീയതിയിൽ സേവനം ആരംഭിച്ച എച്ച്.എസ്.എസ്.ടി. ജൂനിയറും സീനിയറും തമ്മിൽ ശമ്പളത്തിൽപ്പോലും വലിയ വ്യത്യാസം നിലനിൽക്കുകയാണ്. ആയതിനാൽ ജൂനിയർ അദ്ധ്യാപകരുടെ സേവന രംഗത്തെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. ഒരേ

+ അനുബന്ധമായി ചേർക്കുന്നു.

യോഗ്യതയുള്ളവരാണെങ്കിലും പീരിയഡ് കുറഞ്ഞുയെന്നതിന്റെ പേരിലാണ് ജൂനിയർ അദ്ധ്യാപകരെന്ന രീതിയിൽ മാറ്റി നിർത്തപ്പെടുന്നത്. ബോട്ടണി, സുവോളജി, കന്നട, ഹിന്ദി തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നവർക്ക് അവരുടെ സർവ്വീസ് കാലം മുഴുവനും ജൂനിയറായി തുടരേണ്ടിവരും. അവർക്ക് ഒരിക്കലും സീനിയർ എന്ന പരിഗണന ലഭിക്കില്ല. ഇവരുടെ കൂട്ടത്തിൽതന്നെ നിയമനം ലഭിക്കുന്നവർക്ക് ഹൈസ്കൂൾ അദ്ധ്യാപകരും ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ വരെയാകാം. ഇത് വലിയൊരു അന്തരമാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 16-04-2021-ൽ ഗവൺമെന്റ് ഇറക്കിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യതയുള്ളവരെ എച്ച്.എസ്.എസ്.ടി.-മാരിൽനിന്നും എച്ച്.എം.-മാരിൽനിന്നും എടുക്കുന്നത്. അതിന് മിനിമം പന്ത്രണ്ട് വർഷത്തെ അധ്യയന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. വിശദമായ മറുപടി

ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(16) ശമ്പളവും ആനുകൂല്യങ്ങളും

ശ്രീ. എം. വിജിൻ: സർ, '2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) നിയമം' പ്രകാരം പരിയാരം മെഡിക്കൽ കോളേജും ആറ് സ്ഥാപനങ്ങളും ആരോഗ്യ വകുപ്പും മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ പൊതുവിദ്യാഭ്യാസ വകുപ്പും ഏറ്റെടുത്തിരുന്നു. ആരോഗ്യ വകുപ്പ് ഏറ്റെടുത്ത സ്ഥാപനങ്ങളിൽ ശമ്പളം ഉൾപ്പെടെ ആ കാലം മുതൽ ലഭിക്കുന്നുണ്ട്. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിലെ അദ്ധ്യാപകർക്ക് 28 മാസമായി ശമ്പളം ലഭിക്കുന്നില്ല. അവിടെ 628 കുട്ടികൾ പത്താം ക്ലാസ്സുവരെ പഠിക്കുന്നുണ്ട്. മറ്റ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ആ കുട്ടികൾക്ക് ലഭിക്കുന്നില്ല. അതിന്റെ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുണ്ടാകണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

+ അനുബന്ധമായി ചേർക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പ്രസ്തുത സ്ഥാപനം ഏറ്റെടുക്കുമ്പോൾ ഗവൺമെന്റ് സ്വീകരിച്ച നിലപാടിൽതന്നെയാണ് ഇപ്പോഴും നിൽക്കുന്നത്. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിൽ കേസ് നിലനിൽക്കുന്നുണ്ട്. അത് എത്രയുംവേഗം മറികടക്കുന്നതിനുള്ള പരിശ്രമത്തിലാണ് പൊതുവിദ്യാഭ്യാസ വകുപ്പ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. +

(17) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, മുണ്ടേരി പ്രദേശം ഇന്ത്യയിലെ ഐ.ബി.എ. പട്ടികയിലുള്ളതാണ്. അവിടെ 224 ഇനം പക്ഷികളുണ്ട്. അതിൽ അറുപത് ശതമാനവും ദേശാടന പക്ഷികളാണ്. യൂറോപ്പിൽനിന്ന് വരുന്ന ആറായിരത്തോളം വാലൻ എരണ്ടകൾ, നാലായിരത്തോളം വരി എരണ്ടകൾ കൂടാതെ പന്ത്രണ്ടിനം വംശനാശം സംഭവിച്ച പക്ഷികൾ ഉൾപ്പെടെയുള്ള ഏറ്റവും ശ്രദ്ധേയമായ പ്രദേശമാണത്. ഇവിടെ കാട്ടാമ്പള്ളി തണ്ണീർത്തടത്തിൽ വന്യജീവി ഗവേഷകനായ ശ്രീ. റോഷ്നാഥ് രമേശ് നടത്തിയ പഠനത്തിൽ 69 ഇനം പൂമ്പാറ്റകൾ, 55 ഇനം തുമ്പികൾ, 75 ഇനം

+ അനുബന്ധമായി ചേർക്കുന്നു.

മത്സ്യങ്ങൾ, 8 ഇനം തവളകൾ, 32 ഇനം ഉരഗങ്ങൾ, 27 ഇനം സസ്തനികൾ തുടങ്ങിയ നിരവധി വന്യജീവികളുണ്ട്. അദ്ദേഹത്തിന്റെ പഠനത്തിൽ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് ശ്രദ്ധിക്കണം. അദ്ദേഹത്തിന് ഇന്നലെ ഈ വിഷയത്തിൽ ഡോക്ടറേറ്റ് ബിരുദം ലഭിച്ച കാര്യംകൂടി അറിയിച്ചുകൊണ്ട് ഐ.ബി.എ. പട്ടികയിലുള്ള മുണ്ടേരിക്കടവ്-കാട്ടാമ്പള്ളി തണ്ണീർത്തട പ്രദേശത്തെ നിർദ്ദേശിക്കപ്പെട്ട നിലയിലുള്ള കേന്ദ്രമാക്കി മാറ്റുന്നതിന് സഹായിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം രാമചന്ദ്രൻ കടന്നപ്പള്ളി തന്നെ മുൻകയ്യെടുത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുണ്ടേരി ഗ്രാമപഞ്ചായത്തിൽ രൂപം നൽകിയതാണ് മുണ്ടേരി ഇക്കോ ടൂറിസം പദ്ധതി. അത് വേഗത്തിലാക്കുവാൻ നടപടികൾ സ്വീകരിക്കും. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു. +

(18) റോഡ് നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, മുല്ലശ്ശേരി - കാഞ്ഞാണി റോഡിന് 2017-ൽ മൂന്നര കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. അതിന്റെ

+ അനുബന്ധമായി ചേർക്കുന്നു.

ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ച സമയത്താണ് 'അമൃത് കുടിവെള്ള' പദ്ധതി വന്നത്. അതിന്റെ ഭാഗമായി പണി തടസ്സപ്പെട്ടു. റോഡിന്റെ ഭരണാനുമതി കാലാവധി കഴിഞ്ഞിരിക്കുകയാണ്. അടിയന്തരമായി ഭരണാനുമതി പുതുക്കി നൽകി ഈ ബി.എം.ബി.സി. റോഡ് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം മുരളി പെരുനെല്ലി പറഞ്ഞ വിഷയത്തിന്റെ പ്രൊപ്പോസൽ പരിശോധിച്ച് അടിയന്തര നടപടികൾ കൈക്കൊള്ളും. വേഗത്തിൽതന്നെ പ്രവൃത്തി നടത്തുവാനുള്ള ശ്രമങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(19) റെയിൽവേ മേൽപ്പാലം നിർമ്മാണം

ശ്രീ. ജി. എസ്. ജയലാൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡാണ് പാരിപ്പള്ളി-പരവൂർ റോഡ്. കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിലേയ്ക്കുള്ള പ്രധാനപ്പെട്ട പാത കൂടിയാണിത്. അവിടെ

+ അനുബന്ധമായി ചേർക്കുന്നു.

പരവൂർ റെയിൽവേ മേൽപ്പാലം നിർമ്മിക്കാനുള്ള ആവശ്യത്തിന് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. അതിനുവേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തി 36.75 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിന്റെ നിർവ്വഹണ ചുമതല കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തു. ഒന്നര വർഷമായിട്ടും അതിന്റെ നടപടികൾ ആരംഭിച്ചിട്ടില്ല. എത്രയുംവേഗം റെയിൽവേ മേൽപ്പാലത്തിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ജി. എസ്. ജയലാൽ ഉന്നയിച്ച വിഷയത്തിൽ, റെയിൽവേയുടെ വർക്ക് പ്ലാനിൽനിന്നും പ്രസ്തുത പദ്ധതി ഒഴിവാക്കിയതിനാൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമെ പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. അതിനാൽ പദ്ധതി 2021-22-ലെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്താൻ റെയിൽവേയോട് വീണ്ടും ആവശ്യപ്പെടുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർക്കുന്നു.

(20) റോഡ് പുനരുദ്ധാരണം

ശ്രീ. ആന്റണി ജോൺ: സർ, മൂന്നാർ രാജപാത, പഴയ ആലുവ-മൂന്നാർ റോഡിന്റെ പുനരുദ്ധാരണം അടിയന്തരമായി നടപ്പാക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. അതുസംബന്ധിച്ച് വിശദമായ കാര്യങ്ങൾ സൂചിപ്പിക്കാനുണ്ടെങ്കിലും സമയക്കുറവുമൂലം അതിലേയ്ക്കൊന്നും കടക്കുന്നില്ല. വളരെ പ്രാധാന്യമുള്ള റോഡാണിത്. 1924-ലെ വെള്ളപ്പൊക്കത്തെ തുടർന്നാണ് ഭാഗികമായി ഇത് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായത്. അടുത്ത കാലത്തുവരെ അതിലൂടെ ഈറ്റ ലോറിയുൾപ്പെടെയുള്ള വാഹനങ്ങൾ കടന്നുപോയിരുന്നെങ്കിൽ, ഇപ്പോൾ പൂയംകുട്ടി പ്രദേശത്ത് വനം വകുപ്പ് ആ റോഡ് ബ്ലോക്ക് ചെയ്തിരിക്കുകയാണ്. കോതമംഗലം- മൂന്നാറിലേയ്ക്ക് ഏതാണ്ട് 60 കിലോമീറ്റർ ദൂരം മാത്രമാണ് വരുന്നത്. ഈ റോഡ് പുനരുദ്ധരിച്ചാൽ 20 കിലോമീറ്റർ ദൂരം കുറവുവരികയും ടൂറിസം രംഗത്തുൾപ്പെടെ വലിയ സാധ്യതയുമുണ്ടാകും. കൊടുംവളവോ വലിയ കയറ്റങ്ങളോ ഒന്നുമില്ലാത്ത ഈ റോഡ് സഞ്ചാരയോഗ്യമാക്കിയാൽ ആദിവാസി സമൂഹമുൾപ്പെടെയുള്ള ആയിരക്കണക്കിന് ആളുകൾക്ക് പ്രത്യേകിച്ച് കുട്ടമ്പുഴ, മാങ്കുളം പഞ്ചായത്തുകളിലെയും കേരളത്തിലെ ഏക

ആദിവാസി പഞ്ചായത്തായിട്ടുള്ള ഇടമലകുടി ഉൾപ്പെടെയുള്ള ആദിവാസി സമൂഹത്തിന് ഈ റോഡിന്റെ പ്രയോജനം ലഭിക്കുന്നതാണ്. അതോടൊപ്പം, ടൂറിസം രംഗത്തും വലിയ വികസന സാധ്യതയുള്ള ഈ റോഡ് അടിയന്തരമായും പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ആന്റണി ജോൺ ഉന്നയിച്ച വിഷയം വനം വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നം കൂടിയാണ്. അതിനാൽ വനം വകുപ്പുമായി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കാം. ഇതിന്റെ വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## (21) റോഡ് വികസനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാത 69 വടക്കാഞ്ചേരി മണ്ഡലത്തിലൂടെ 11 കിലോമീറ്റർ ദൂരമാണ് കടന്നുപോകുന്നത്. ഇതിൽ 9 കിലോമീറ്റർ ദൂരവും നാലുവരി പാതയായി. മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള രണ്ട് കിലോമീറ്റർ ഭാഗം നാലുവരി പാതയാക്കാനായിട്ടില്ല. ഇതിന്റെ ഭാഗമായാണ് അവിടെയൊരു കുപ്പിക്കഴുത്ത്

+ അനുബന്ധമായി ചേർക്കുന്നു.

രൂപപ്പെട്ടിരിക്കുന്നുവെന്ന് പറയുന്നത്. ശബരിമല തീർത്ഥാടനകാലത്തുൾപ്പെടെ ഗുരുവായൂർ അമ്പലത്തിലേയ്ക്കുള്ള തീർത്ഥാടകരെല്ലാം പോകുന്ന പ്രധാനപ്പെട്ട വഴിയാണിത്. അതിന്റെ പ്രത്യേകതകൾ സമയക്കുറവുമൂലം ഞാൻ വിശദീകരിക്കുന്നില്ല. 1961-ലെ ലാന്റ് അക്വിസിഷൻ പ്രകാരം ഏറ്റെടുക്കപ്പെട്ട ഭൂമി പി.ഡബ്ല്യൂ.ഡി. പൂർണ്ണമായി ഏറ്റെടുത്തിട്ടില്ല. ചില വ്യവഹാരങ്ങളുടെ പേരിൽ വ്യവഹാരങ്ങളില്ലാത്ത ഭൂമിയും ഏറ്റെടുക്കാതിരിക്കുകയാണ്. ആയതിനാൽ അവിടെ ഓൾഡ് സർവ്വേ അനുസരിച്ച് അളവ് പൂർത്തിയാക്കി പുറംപോക്ക് ഭൂമി അടിയന്തരമായി ഏറ്റെടുക്കുകയും റീബിൽഡ് കേരളയുടെ നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം അവിടെ നിർമ്മാണ പ്രവർത്തനം നടത്തുകയും.... അങ്ങനെ ഏറ്റെടുത്താൽ പിന്നീട് നാലുവരിപാതയാക്കുന്നതിനുവേണ്ടിയുള്ള അലൈൻമെന്റിൽ കുറച്ച് ഭൂമി മാത്രമെ ഏറ്റെടുക്കേണ്ടിവരികയുള്ളൂ. ഈ പ്രവർത്തനം സാധ്യമാക്കാൻ പ്രത്യേക സർവ്വേ ടീമിനെ ഉൾപ്പെടുത്തണമെന്നതാണ് സബ്മിഷൻ.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ റോഡിലെ ചില കയ്യേറ്റങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട

അംഗം സേവ്യർ ചിറ്റിലപ്പിള്ളി ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള 1.8 കിലോമീറ്റർ റോഡിലെ കുപ്പിക്കഴുത്ത് സൃഷ്ടിക്കുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്. ഈ റോഡിന്റെ പ്രവൃത്തി ആരംഭിക്കുമ്പോൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമി അളക്കുകയും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അതുപ്രകാരം ഭൂമിയിൽ കയ്യേറ്റമുണ്ടോയെന്ന് പരിശോധിച്ച് സർക്കാർ ഭൂമി മുഴുവനായും വീണ്ടെടുക്കുന്ന കാര്യം റവന്യൂ വകുപ്പിനോട് ആവശ്യപ്പെടും. എം.എൽ.എ. സൂചിപ്പിച്ച വിഷയത്തിന്റെ ഗൗരവാവസ്ഥ കണക്കിലെടുത്ത് സ്ഥലം ഉടൻതന്നെ സന്ദർശിക്കും. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

## (22) ഡയബറ്റിസ് സെന്ററിന്റെ പ്രവർത്തനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആരോഗ്യമേഖലയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം കണ്ണഞ്ചിപ്പിക്കുന്ന വളർച്ചയുണ്ടായ സംസ്ഥാനമാണ് കേരളം. ആ വളർച്ചയുണ്ടായപ്പോഴും സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്ന വളരെ പ്രധാനപ്പെട്ട സ്ഥാപനം ശ്രദ്ധിക്കപ്പെടാതെ പോയി എന്നുള്ളതാണ് യാഥാർത്ഥ്യം. ആ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ട് 21 വർഷമായി.

---
\+ അനുബന്ധമായി ചേർക്കുന്നു.

അവിടെ ഒരാളെപ്പോലും സ്ഥിരം നിയമനം നടത്താനോ, തസ്തികകൾ സൃഷ്ടിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. നമ്മുടെ സംസ്ഥാനം കോവിഡും മറ്റും നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ സ്ഥാപനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു ധാരണ ഗവൺമെന്റിനുണ്ടാകുമെന്ന് എനിക്കറിയാം. ആ ധാരണയ്ക്ക് അനുസരിച്ച് ഈ സ്ഥാപനത്തെ വലിയ ഗവേഷണ സ്ഥാപനമാക്കി വളർത്തികൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. രാജ്യത്ത് പ്രമേഹരോഗികളുടെ എണ്ണം കണക്കാക്കുമ്പോൾ ഒന്നാം നിരയിലാണ് കേരളത്തിന്റെ സ്ഥാനം. പ്രമേഹ സംബന്ധമായ ഗവേഷണങ്ങൾക്കും ബോധവത്ക്കരണങ്ങൾക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിക്കേണ്ട സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റ്യൂട്ട് ഓഫ് ഡയബറ്റിസ്. ഇതിൽ ഗൗരവത്തോടെയും പ്രാധാന്യത്തോടുംകൂടി ഇടപെട്ട് ആവശ്യമായ

നടപടികൾ സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(23) സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ആശുപത്രി നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 40.30 കോടി രൂപ അനുവദിക്കുകയും 22 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 90 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. ഫീമെയിൽ വാർഡും മെയിൽ വാർഡുമാണ് ഒന്നാംഘട്ടത്തിൽ പൂർത്തിയാകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശിലാസ്ഥാപനം നടത്തി നിർമ്മാണമാരംഭിച്ച ആശുപത്രി കെട്ടിടത്തിന്റെ രണ്ടാം ഘട്ടത്തിനാവശ്യമായ 18 കോടിയുടെ നിർമ്മാണാനുമതിയും ഫിനാൻഷ്യൽ സാങ്ഷനും ആരോഗ്യവകുപ്പിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. രണ്ട് വർഷക്കാലമായി ഇതുസംബന്ധിച്ച ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഒരു മാസം 25000 ജനങ്ങൾ ആശ്രയിക്കുന്ന ആശുപത്രിയാണിത്. ഇതിന്റെ നിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിന് അനുമതി നൽകണമെന്ന് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

+ അനുബന്ധമായി ചേർക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ ഒന്നാം ഘട്ടപ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി ജില്ലാ മെഡിക്കൽ ഓഫീസിൽനിന്ന് തയ്യാറാക്കി നൽകിയ പ്ലാനിൽ പൂർണ്ണതയില്ലാത്തതിനാൽ അതിലെ അപാകതകൾ പരിഹരിക്കാൻവേണ്ടി നിർദ്ദേശിച്ച് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## (24) ജനറൽ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. ആൻസലൻ: സർ, ഒന്നേകാൽ നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ളതാണ് നെയ്യാറ്റിൻകര ജനറൽ ആശുപത്രി. തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ഒ.പി. രോഗികൾ എത്തുന്ന ആശുപത്രിയാണ്. അവിടെ ഡോക്ടർമാരുടെ കുറവാണ് ഏറ്റവും വലിയ പ്രശ്നം. കേരളത്തിൽ സ്പെഷ്യാലിറ്റി കേഡറിൽ ഇന്ന് സർക്കാർ ആശുപത്രിയിൽ ഏറ്റവും കൂടുതൽ

+ അനുബന്ധമായി ചേർക്കുന്നു.

ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്ന ആശുപത്രിയാണ്. നെഫ്രോളജി ഡോക്ടറുടെ കുറവുണ്ട്. പോസ്റ്റുമോർട്ടം നടപടികൾക്ക് പോലീസ് സർജൻമാരുടെ കുറവുണ്ട്. കാർഡിയോളജി വിഭാഗമടക്കമുള്ള സ്പെഷ്യൽ കേഡർ ഡോക്ടർമാരുടെയും കുറവ് പരിഹരിക്കണം. മുൻപ് സംസ്ഥാനത്തെ പല ആശുപത്രികളിലും ഇത്തരത്തിലുള്ള സ്പെഷ്യൽ കേഡർ ഡോക്ടർമാരുടെ പോസ്റ്റിംഗ് അധികമായി നിൽക്കുന്നുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് അടിയന്തരമായി പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സാധാരണക്കാരായ ആയിരക്കണക്കിന് രോഗികൾ ആശ്രയിക്കുന്ന ആശുപത്രിയാണിത്. സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അധിക സേവനം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളും അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യവും ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. നിലവിൽ ഇപ്പോൾ സ്ഥലം ഏറ്റെടുക്കുന്ന നടപടിയൊന്നും ആരംഭിച്ചിട്ടില്ല. ഇതുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിഗണിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത്

വയ്ക്കുന്നു.[+]

+ അനുബന്ധമായി ചേർക്കുന്നു.